## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : **6056** | 04.07.2019-ൽ മറുപടിക്ക്

## കരാഞ്ചിറ സെൻറ് ജോർജസ് സി.യു.പി.സ്കൂളിലെ അദ്ധ്യാപികയുടെ നിയമനാംഗീകാരം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | | **പ്രൊഫ. സി. രവീന്ദ്രനാഥ് (ബഹു. പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
| (എ) തൃശ്ശൂർ ജില്ലയിലെ കരാഞ്ചിറ സെൻറ് ജോർജസ് സി.യു.പി.സ്കൂളിലെ അധ്യാപിക ശ്രീമതി.സൗമ്യ റ്റി.ഐ.-യുടെ നിയമനവുമായി ബന്ധപ്പെട്ട് ഡി.പി.ഐ.യിലെ എഫ് 2 സെക്ഷനിലുള്ള 90172 നമ്പർ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ ; | (എ) | കരാഞ്ചിറ സെൻറ് ജോർജസ് സി.യു.പി.സ്കൂളിലെ അധ്യാപിക ശ്രീമതി.സൗമ്യ റ്റി.ഐ.-യുടെ നിയമനാംഗീകാരം സംബന്ധിച്ച വിഷയം കൈകാര്യം ചെയ്തിരുന്നത് എഫ്2/86698/2018/ഡിപിഐ എന്ന ഫയലിലാണ്. 90172 നമ്പറിൽ ലഭിച്ച ഹർജിയും മേൽ ഫയലിനൊപ്പം ചേർത്ത് നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ടിയാളുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട അപേക്ഷ എന്നാണ് ഡി.പി.ഐ. യിൽ ലഭിച്ചത് ;<br><br>(സി) പ്രസ്തുത ഫയലിൽ തീർപ്പ് കല്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) & (സി) | ടിയാളുടെ നിയമനാംഗീകാരം സംബന്ധിച്ച അപ്പീൽ അപേക്ഷ 06.08.2018 നാണ് പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ ലഭിച്ചത്. പ്രസ്തുത ഫയൽ 28.06.2019 ലെ എഫ്2/86698/2018/ഡിപിഐ/കെ. ഡിസ് ഉത്തരവ് പ്രകാരം തീർപ്പാക്കിയിട്ടുണ്ട്. ഉത്തരവിന്റെ |

(.......2)

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

(ഡി) ടി അധ്യാപികയ്ക്ക് എന്ന് (ഡി) നിയമനാംഗീകാരം നല്കാൻ കഴിയുമെന്ന് അറിയിക്കുമോ?

നിയമനാംഗീകാരം നൽകേണ്ടത് ഇരിങ്ങാലക്കുട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറാണ്. ആയത് നല്കുവാൻ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നല്കി ഉത്തരവ് പുറപ്പെടുവിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

File No.DPI/86698/2018-F2

<u>പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ന്റെ</u>
<u>നടപടി ഉത്തരവ്</u>
<u>( സാന്നിധ്യം : ആർ. ജെസ്സി ഷീബ )</u>

വിഷയം :- പൊതുവിദ്യാഭ്യാസം – സഹായിതം – നിയമനാംഗീകാരം – സിസ്റ്റർ. സൗമ്യ ടി.ഐ., സെന്റ് ജോർജ് സി.യു.പി.എസ്, കരാഞ്ചിറ – മാനേജരുടെ അപ്പീൽ – തീർപ്പാക്കി ഉത്തരവാകുന്നത് – സംബന്ധിച്ച്

പരാമർശം:- 1. 02-03-18 ലെ മാനേജരുടെ റിവിഷൻ അപ്പീൽ
2. 23-10-18 ലെ ഇരിഞ്ഞാലക്കുട ഉപ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ നമ്പർ 3142/2018/അ.തി. കത്ത്

<u>ഉത്തരവ് നമ്പർ എഫ്2/ 86698/2018/ഡി.പി.ഐ/കെ. ഡിസ് തീയതി 28/06/2019</u>

ചാലക്കുടി അൽവേർണിയ പ്രൊവിൻസ് കോർപ്പറേറ്റ് മാനേജർ സെന്റ് ജോർജ് സി.യു.പി.എസ്. കരാഞ്ചിറ സ്കൂളിൽ 01-06-2015 മുതൽ സിസ്റ്റർ. സൗമ്യ ടി.ഐ. യെ 31-05-2015 മുതലുള്ള ശ്രീമതി. മേരി കെ.എ യുടെ ഒഴിവിൽ നിയമിച്ചു. എന്നാൽ പ്രസ്തുത നിയമനം സീനിയർ നിയമനാർത്ഥികളുടെ നിയമനം അംഗീകരിച്ചിട്ടില്ല എന്ന കാരണത്താൽ ഇരിഞ്ഞാലക്കുട ഉപ ജില്ലാ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നിരസിച്ചു. തുടർന്ന് മാനേജർ സൂചന (1) പ്രകാരം ഈ കാര്യാലയത്തിൽ റിവിഷൻ ഹർജി സമർപ്പിച്ചു. പ്രസ്തുത ഹർജി നിലവിലുള്ള ചട്ടങ്ങളുടെയും പരാമർശം (2) പ്രകാരം ലഭ്യമായ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു.

കാരാഞ്ചിറ സെന്റ് ജോർജ് സി.യു.പി.എസിൽ ശ്രീമതി. മേരി കെ.എ 31/05/2015 ന് വിരമിച്ച ഒഴിവിൽ 01/06/2015 മുതൽ സിസ്റ്റർ. സൗമ്യ. ടി.ഐ യെ യു.പി.എസ്.ടി. ആയി കോർപ്പറേറ്റ് മാനേജർ നിയമിച്ചു. 2015-16 വർഷം ടി സ്കൂളിൽ അനുവദിക്കപ്പെട്ട 6 യു.പി.എസ്.ടി. തസ്തികകളിൽ ഒന്നിൽ ആണ് ശ്രീമതി. മേരി കെ.എ നിലനിന്നിരുന്നത്. ആകയാൽ ടിയാളുടെ വിരമിക്കൽ മുഖേന ഉണ്ടായ ഒഴിവിൽ സിസ്റ്റർ. സൗമ്യയ്ക്ക് നിലനിൽക്കുവാൻ തസ്തിക സംജാതമാണ്. എന്നാൽ ടി മാനേജ്മെന്റിൽ ഇതേ സ്കൂളിൽ 04/06/2012 മുതൽ യു.പി.എസ്.ടി. ആയി നിയമിച്ച സിസ്റ്റർ. ലിഷ ആന്റണി, 03/06/2013 മുതൽ യു.പി.എസ്.ടി ആയി നിയമിച്ച സിസ്റ്റർ. സിൻസി. പി. ഒ, 04/06/12 മുതൽ 01/02/14 വരെ യു.പി.എസ്.ടി. ആയി നിയമിച്ച സിസ്റ്റർ. ലിജി.പി.ഡി എന്നിവരുടെ നിയമനങ്ങൾ അംഗീകരിക്കാതിരുന്നതിനാലും 51 A അവകാശികളുടെ ലിസ്റ്റ് മാനേജർ ഹാജരാക്കാതിരുന്നതിനാലുമാണ് ഇരിഞ്ഞാലക്കുട ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർ സിസ്റ്റർ. സൗമ്യ. ടി. ഐ യുടെ നിയമനം നിരസിച്ചിരുന്നത്. ഇതിനെതിരെ യാണ് മാനേജർ റിവിഷൻ ഹർജി സമർപ്പിച്ചിരിക്കുന്നത്.

മാനേജരുടെ അപ്പീലും ഹാജരാക്കിയ രേഖകളും ഉപ ജില്ല വിദ്യാഭ്യാസ ഓഫീസറുടെ റിപ്പോർട്ടുമായി പരിശോധിച്ചതിൽ സിസ്റ്റർ. ലിഷ ആന്റണിയ്ക്ക് ടി മാനേജ്മെന്റിലെ വെള്ളിക്കുളങ്ങര പി.സി.ജി.എച്ച്.എസിൽ 03/06/2013 മുതൽ യു.പി.എസ്.ടി. ആയി തുടർച്ചയായി നിയമനം നൽകുകയും പ്രസ്തുത നിയമനം അപ്രകാരം തന്നെ ഇരിഞ്ഞാലക്കുട ജില്ല വിദ്യാഭ്യാസ ഓഫീസർ 02/10/2016 ലെ ബി.4/6378/15/കെ. ഡിസ് ഉത്തരവ് പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. സിസ്റ്റർ. ലിജി. പി.ഡി യ്ക്ക് ചാലക്കുടി എസ്.എച്ച്.സി.ജി.എച്ച്.എസ്.എസിൽ എച്ച്.എസ്.ടി. (പി/എസ്) ആയി 02/06/2014 മുതൽ നിയമനം നൽകുകയും ആയത് ഇരിഞ്ഞാലക്കുട ജില്ല വിദ്യാഭ്യാസ ഓഫീസർ 04/08/2016 ലെ ബി.4/3716/16/കെ. ഡിസ് ഉത്തരവ് പ്രകാരവും സിസ്റ്റർ. സിൻസി. പി. ഒ. യ്ക്ക് കൊരട്ടി സെന്റ് ജോസഫ് സി.ജി.എച്ച്.എസിൽ യു.പി.എസ്.ടി. ആയി 01/01/2015 മുതൽ നിയമനം നൽകുകയും ആയത് ഇരിഞ്ഞാലക്കുട ജില്ല വിദ്യാഭ്യാസ ഓഫീസർ 08/02/2017 ലെ ബി4/242/17/കെ. ഡിസ് ഉത്തരവ് പ്രകാരം 01/01/2015 മുതൽ 31/03/2015 വരെ ദിന വേതനാടിസ്ഥാനത്തിലും 01/06/2015 മുതൽ തുടർച്ചയായി റഗുലർ വ്യവസ്ഥയിലും അംഗീകരിച്ചിട്ടുണ്ട്. അപ്രകാരം സിസ്റ്റർ. സൗമ്യയുടെ നിയമന തീയതിയിൽ സീനിയർ നിയമനാർത്ഥികൾക്ക് റഗുലർ നിയമനാംഗീകാരം ലഭിച്ചിട്ടുണ്ട്. സിസ്റ്റർ. ലിഷ ആന്റണി, സിസ്റ്റർ ലിജി. പി.ടി എന്നിവരുടെ മുൻകാല നിയമനങ്ങൾ

സംബന്ധിച്ച് സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജികളിന്മേൽ സർക്കാർ ഹിയറിംഗ് നടത്തിയിട്ടുള്ളതും ഉത്തരവ് നല്കിയിട്ടില്ലാത്തതുമാണ്.

പ്രസ്തുത തീരുമാനം എന്ത് തന്നെ ആയാലും സിസ്റ്റർ. സൗമ്യയുടെ നിയമന തീയതിയിൽ സീനിയർ നിയമനാർഹരികൾക്ക് ഒഴിവ് നിയമനാംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിലും 51 A അവകാശികളുടെ ലിസ്റ്റ് സമർപ്പിച്ച് കൊള്ളാമെന്ന മാനേജരുടെ ഉറപ്പും പരിഗണിച്ച് മറ്റ് വിധത്തിൽ ക്രമക്കേടില്ലെങ്കിൽ സിസ്റ്റർ. സൗമ്യയുടെ 01/06/2015 മുതലുള്ള യു.പി.എസ്.ടി. നിയമനം അംഗീകരിച്ച് നൽകുവാൻ ഇരിങ്ങാലക്കുട ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി മാനേജരുടെ റിവിഷൻ ഹർജി അനുവദിച്ച് ഉത്തരവാകുന്നു.

Signature valid
Digitally signed by R S SHIBU
Date: 201[illegible] 15:26:05
IST
Reason: Approved

R S SHIBU
ADDITIONAL DIRECTOR (ACD)
പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം

സ്വീകർത്താവ് :

1. മാനേജർ, സെന്റ് ജോർജ് സി യു പി എസ്, കരാഞ്ചിറ ,തൃശ്ശൂർ
2. ശ്രീമതി സൗമ്യ ടി ഐ , സെന്റ് ജോർജ് സി യു പി എസ്, കരാഞ്ചിറ ,തൃശ്ശൂർ
3. ജില്ല വിദ്യാഭ്യാസ ഓഫീസർ, ഇരിങ്ങാലക്കുട ,തൃശ്ശൂർ
4. ഉപ ജില്ല വിദ്യാഭ്യാസ ഓഫീസർ, ഇരിങ്ങാലക്കുട , തൃശ്ശൂർ

സെക്ഷൻ ഓഫീസർ